**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **23-07-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയ്ക്കായി വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ മലയോര ഹൈവേയ്ക്കായി റോഡ് വീതി കൂട്ടുന്നതിന് വനം വകുപ്പിൽ നിന്നും വിട്ടു നൽകേണ്ട ഭൂമി എത്രയെന്നും ഇത് ഏതെല്ലാം ഫോറസ്റ്റ് റേഞ്ചുകളിലാണെന്നും വ്യക്തമാക്കാമോ; | (എ) | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാടിന്റെ പരിധിയിൽ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിലൂടെയാണ് മലപ്പുറം ജില്ലയിലെ മലയോര ഹൈവേ വീതികൂട്ടൽ പ്രവർത്തി നടത്തേണ്ടത്. നിലമ്പൂർ നോർത്ത് :- നിലമ്പൂർ നോർത്ത് ഡിവിഷന് കീഴിൽ നിലവിൽ പൂക്കോട്ടുംപാടം - തമ്പുരാട്ടികല്ല്, പൂക്കോട്ടുംപാടം - മൂലേപ്പാടം, മൂലേപ്പാടം - നായാട്ടുംപൊയിൽ എന്നീ പാതകൾക്കാണ് മലയോര ഹൈവേയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഇവ ഉൾപ്പെടുന്ന വനഭൂമി എടവണ്ണ, നിലമ്പൂർ, വഴിക്കടവ് റെയിഞ്ചുകളിൽ ഉൾപ്പെടുന്നു. എല്ലാ നിർദ്ദിഷ്ട പാതകളുടെയും അലൈൻമെന്റ്, സർവ്വേ എന്നിവ പൂർത്തിയാക്കാതെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. മാത്രമല്ല നിർദ്ദിഷ്ട പൂക്കോട്ടുംപാടം - മുണ്ടേരി - അരണപ്പുഴ പാതയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുമില്ല. നിലമ്പൂർ സൗത്ത് :- നിർദ്ദിഷ്ട മലയോര ഹൈവേയുമായി ബന്ധപ്പെട്ട റോഡ് വീതി കൂട്ടുന്നതിന് ലഭ്യമായ അപേക്ഷ പ്രകാരം നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയിഞ്ചിൽ ഉൾപ്പെട്ട 0.016689 ഹെക്ടർ വനഭൂമി വിട്ടു നൽകേണ്ടതായുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനായി വനഭൂമി വിട്ടു നൽകുന്നതിന് യൂസർ ഏജൻസി അലൈൻമെന്റ്, സർവ്വേ എന്നിവ പൂർത്തീകരിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട 'പരിവേഷ്' പോർട്ടലിൽ, ജില്ലയ്ക്ക് ഒന്ന് എന്ന നിലയിൽ യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ മലപ്പുറം ജില്ലയിൽ എത്ര വനഭൂമി വിട്ടു നൽകേണ്ടിവരും എന്നതിന് വ്യക്തതയുണ്ടാവുകയുള്ളു. |
| (ബി) | പ്രസ്തുത ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (ബി) | നിലമ്പൂർ നോർത്ത് :- നിർദ്ദിഷ്ട പൂക്കോട്ടുംപാടം - |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ സർവ്വേ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; | | തമ്പുരാട്ടിക്കല്ല് പാതയിലെ സർവ്വേ നടത്തിയിട്ടുണ്ട്. നിർദ്ദിഷ്ട മൂലേപ്പാടം - കക്കാടം പൊയിൽ റോഡിന്റെ സർവ്വേ രണ്ടാഴ്ചയ്ക്കകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലമ്പൂർ സൗത്ത് :- ഭൂമി സർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതിനായി കൂടുതൽ ഫോറസ്റ്റ് സർവ്വേയർമാരെ ജോലി ക്രമീകരണാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | നിലമ്പൂർ നോർത്ത് :- നിലവിൽ ഫോറസ്റ്റ് മിനി സർവ്വേയിൽ നിന്ന് ഒരു സർവ്വേയറെ മലയോര ഹൈവേയുടെ സർവ്വേ പ്രവർത്തികൾക്ക് ആയി നിയോഗിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ സർവ്വേയർമാരെ യൂസർ ഏജൻസിയുടെ ആവശ്യപ്രകാരം നിയോഗിക്കുന്നതാണ്. നിലമ്പൂർ സൗത്ത് :- സർവ്വേ നടപടി പൂർത്തിയായിട്ടുള്ളതാണ്. |
| (ഡി) | മലയോര ഹൈവേയുടെ ഭാഗമായ മുണ്ടേരി–മേപ്പാടി വനഭൂമിയിൽ കണക്ടിവിറ്റിക്കായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ? | (ഡി) | നിലമ്പൂർ നോർത്ത്:- നിർദ്ദിഷ്ട മുണ്ടേരി - അരണപ്പുഴ റീച്ചിലെ മലയോര ഹൈവേ മലപ്പുറം ജില്ലയിൽ പൂർണ്ണമായും, വനഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പാത കടന്നു പോകുന്ന നിലമ്പൂർ കോവിലകം നിക്ഷിപ്ത വനം, ദുരന്ത നിവാരണ അതോറിറ്റിയുടെ പഠന പ്രകാരം അതീവ ദുരന്ത സാദ്ധ്യതാ മേഖലയിൽ ഉൾപ്പെടുന്നതാണ്. ഈ പാതയുടെ ആരംഭ ഭാഗത്തിന് അടുത്താണ് നിരവധി പേരുടെ ജീവൻ കവർന്ന ഉരുൾപൊട്ടൽ ഉണ്ടായ കവളപ്പാറ. ഈ പാത വയനാട്ടിലേക്ക് പ്രവേശിക്കുന്ന ഭാഗത്തിനടുത്താണ് ഉരുൾപൊട്ടൽ മൂലം അനേകം പേരുടെ ജീവൻ കവർന്ന പുത്തുമല സ്ഥിതി ചെയ്യുന്നത്. മലയോര ഹൈവേയുടെ ഈ ഭാഗത്തെ നിർമ്മാണം കീഴ്ക്കാംതൂക്കായ മലകളെ മുറിച്ചു കൊണ്ടാണ് കടന്നു പോകുന്നത്. ആയത് രൂക്ഷമായ മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും, മനുഷ്യജീവന്റെ നാശത്തിനും കാരണമാകും. നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന വനഭൂമിയിലൂടെ നിലവിൽ റോഡ് ഇല്ലാത്തതാണ്. റോഡ് നിർമാണത്തിനായി ആയിരക്കണക്കിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടി വരും. ഈ വനഭൂമി നിലമ്പൂർ എലിഫെന്റ് കോറിഡോർ, നീലിഗിരി ബയോസ്റ്റിയർ റിസർവ്വ് എന്നിവയിൽ ഉൾപ്പെടുന്ന വനമേഖലയാണ്. ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വയനാട് ഭാഗത്ത് നിന്നും, നിലഗിരി ഭാഗത്തേയ്ക്ക് കടന്നു പോകുന്നത്, നിർദ്ദിഷ്ട പാത ഉൾപ്പെടുന്ന ഭാഗം മുറിച്ചു കടന്നാണ്. ഈ പാതയുടെ നിർമ്മാണം ആനത്താരയെയും, മറ്റു മൃഗങ്ങളുടെ സഞ്ചാരപാതയെയും വിഭജിക്കുകയും, വന്യജീവികളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. ഇത് ഈ വനമേഖലയ്ക്ക് ചുറ്റുമുള്ള മനുഷ്യ വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കും. |

സെക്ഷൻ ഓഫീസർ